Reg. No.............................................. Name.............................................................. **25U2012**

## B. SC. DEGREE END SEMESTER EXAMINATION - APRIL 2025

### UGP (HONS.) SEMESTER – 2: ABILITY ENHANCEMENT COURSE (MALAYALAM FOR SCIENCE)

### COURSE: 24UMALAEC105: കലാമഞ്ജരി

*(For Regular 2024 Admission)*

Time: 1.5 Hours Max. Marks - 50

### PART - A

**I. ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്ക് ഒന്നോ രണ്ടോ വാചകത്തിൽ ഉത്തരം എഴുതുക.** **(5 x 2 = 10)**

1. കൗരവരിലെ നൂറ്റുവർക്കൊപ്പം ഇന്ദ്രപ്രസ്ഥം കാണാൻ പുറപ്പെട്ട പ്രധാനികൾ ആരെല്ലാം? (CO1)
2. 'മുടി ചൂടുക' എന്ന പ്രയോഗത്തിനർത്ഥമെന്ത്? ആരെയാണ് ഈ പ്രയോഗംകൊണ്ട് ഉദ്ദേശിക്കുന്നത്? (CO2)
3. 'അശ്വമേധം' എന്ന നാടകത്തിന്റെ രചയിതാവ് ആര്? (CO3)
4. ഇന്ത്യൻ സിനിമയുടെ പിതാവ് ആര്? (CO1)
5. മഹാഭാരതത്തിലെ ഏത് പർവ്വത്തിൽ നിന്നാണ് നളചരിതകഥ ഉണ്ണായിവാര്യർ സ്വീകരിച്ചിരിക്കുന്നത് ? (CO1)
6. മലയാളത്തിലെ ആദ്യ നിശബ്ദചിത്രം ഏത്? (CO2)
7. "പ്രാണരക്ഷണത്തിനൊന്നില്ല പ്രത്യുപകാരം"-ആര്? ആരോടാണ്? ഇപ്രകാരം പറഞ്ഞത്? (CO3)

### PART - B

**II. ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. (4 x 5 = 20)**

8. വനത്തിനുള്ളിൽ എന്തെല്ലാം ദുരനുഭവങ്ങളാണ് ദമയന്തിക്ക് നേരിടേണ്ടി വന്നത്? വിവരിക്കുക. (CO3)
9. കഥകളി എല്ലാവർക്കും ആസ്വദിക്കാൻ കഴിയില്ല-എന്തുകൊണ്ട്? കാരണം പറയുക. (CO1)
10. നമ്പ്യാരുടെ കൃതി വായിക്കുമ്പോൾ അത് കേരളത്തിൽ നടന്നതാണെന്ന് തോന്നും- ഈ പ്രസ്താവനയുടെ സാധുത പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക. (CO3)
11. തിരക്കഥയെന്ന നിലയിൽ ട്രാഫിക്കിന്റെ സവിശേഷതകൾ എന്തെല്ലാം? (CO4)
12. കെ.പി.എ.സി.യുടെ അശ്വമേധം എന്ന നാടകത്തിന്റെ സവിശേഷതകൾ എന്തെല്ലാം? പ്രമേയത്തെ മുൻനിർത്തി വിവരിക്കുക. (CO3)
13. ന്യൂജനറേഷൻ സിനിമയുടെ സവിശേഷതകൾ വിവരിക്കുക. (CO2)

## PART C

**II. ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.**

**(2 x 10 = 20)**

14. മോശം അനുഭവങ്ങൾ ആർക്കും നേരിടേണ്ടി വന്നേക്കാം. അപ്പോഴേല്ലാം നിരാശപ്പെടാതെ സമചിത്തതയോടെ അതിനെ മറികടക്കാനുള്ള വഴി തേടുകയാണ് വേണ്ടത് എന്ന സന്ദേശം നൽകാൻ വേണ്ടി ഉദാഹരിക്കാൻ കഴിയുന്നകഥാപാത്രമാണോ ദമയന്തി? സമർത്ഥിക്കുക. (CO4)
15. ഇന്ദ്രപ്രസ്ഥം കാണാൻ പോകുമ്പോൾ തനിക്കൊപ്പം വരേണ്ടവരുടെ യോഗ്യതകൾ വിവരിക്കുന്ന പാഠഭാഗത്തിൽ സ്വന്തം പ്രജകൾ എങ്ങനെയുള്ളവരാണ് എന്ന ദുര്യോധനന്റെ നിരീക്ഷണം പ്രതിഫലിക്കുന്നുണ്ട്- വിവരിക്കുക. (CO2)
16. "കഥ പറയുന്ന രീതിയിൽ മാത്രമല്ല; വൈകാരിക നിമിഷങ്ങളുടെ അവതരണത്തിലും വ്യത്യസ്തത കരുതി വെച്ചിരിക്കുന്ന ചിത്രമാണ് ട്രാഫിക്" എന്തുകൊണ്ട്? വിവരിക്കുക. (CO4)
17. അശ്വമേധം എന്ന നാടകത്തിന്റെ സാമൂഹിക പ്രസക്തിയെന്ത്? വിവരിക്കുക. (CO3)